LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ നിയോജകമണ്ഡലത്തിന്റെ ഭൂരിഭാഗവും തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയിൽ ആയതിനാൽ കയർ സഹകരണ സംഘങ്ങൾ ഒന്നുംതന്നെ ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നില്ല. കയർ ഭൂവസ്ത്രത്തിന് തൃശ്ശൂർ കോർപ്പറേഷനിൽനിന്നും ഓർഡറുകളൊന്നും ലഭ്യമായിട്ടില്ല.

കയർ മേഖലയ്ക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ

181(195) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ കയർ മേഖലയ്ക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ; ചെലവഴിച്ച തുക സഹിതം വിശദവിവരം നൽകുമോ?

അനുബന്ധം (1)- ആയി ചേർത്തിരിക്കുന്നു.*

(ബി) 2016-2021 വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ?

അനുബന്ധം (2)-ആയി ചേർത്തിരിക്കുന്നു.*

കയർ മേഖലയെ നവീകരിക്കാൻ നടപടി

182(196) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ തൊഴിലാളികളെ സഹായിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കുന്നുണ്ട്. പരമ്പരാഗത കയർപിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതിപ്രകാരം ലഭ്യമാകും. കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ചേഷൻ ഫണ്ട്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും കയർഫെഡ് വിൽപ്പന നടത്തുന്നുണ്ട്. അതുവഴി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറിന് പൂർണ്ണമായും വിപണി കണ്ടെത്തുന്നതിനും കയർ സഹകരണ സംഘങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുന്നതിനും സാധിക്കുന്നു. കയർ മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും തന്മൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതോടുകൂടി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും.

(ബി) കയർ മേഖലയെ നവീകരിക്കാനും കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്താനും പുതിയ സംരംഭങ്ങൾ ആരംഭിക്കുമോ?

കയർമേഖലയുടെ നവീകരണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. ചകിരി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ഭ്രവസ്തുത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു.

രണ്ടാം കയർ പുനഃസംഘടനാ പദ്ധതി

183(197) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 വർഷത്തിൽ പൂർത്തിയാകേണ്ട രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളായി നിർണ്ണയിച്ച പ്രധാന പ്രവർത്തനങ്ങൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് കയർ രണ്ടാം പുന:സംഘടനയുടെ പ്രധാന ഘടകങ്ങൾ.